വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, മഞ്ചേശ്വരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആനുബന്ധമായി 5 കിലോമീറ്റർ 110 കെ. വി. ലൈൻ നിർമ്മിക്കുന്നതിന് 257 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു എസ്റ്റിമേറ്റിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സബ് സ്റ്റേഷന്റെ പണികഴിക്കായി 15 ഏക്കർ സർക്കാർ ഭൂമി കൈമാറ്റം ചെയ്തു എടുക്കുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. സ്ഥലമെടുപ്പിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്ഥലം ലഭിച്ചു കഴിഞ്ഞാൽ സബ് സ്റ്റേഷന്റെ പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

(7) തഴപ്പായ് നെയ്ത്തുതൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ആയിരക്കണക്കിന് തഴപ്പായ് നെയ്ത്തു തൊഴിലാളികളുണ്ട്. വളരെ വിഷമകരമായിട്ടുള്ള സാഹചര്യത്തിലാണ് ഇവർ ജോലി ചെയ്യുന്നത്. കൈത ഓല ഇന്ന് ലഭിക്കുന്നില്ല. അതു പോലെതന്നെ ഇവർ നെയ്യുന്ന തഴപ്പായയ്ക്ക് ന്യായമായ വില കിട്ടുന്നില്ല. ഈ തൊഴിലാളികളൊക്കെ അസംഘടിതരാണ്. അതുകൊണ്ട് ഈ അസംഘടിത മേഖലയിലെ ലക്ഷക്കണക്കിനു തൊഴിലാളികൾക്ക് ക്ഷേമനിധി നിയമം കൊണ്ടുവന്ന് പാസ്സാക്കി നടപ്പാക്കുന്ന ഒരു ഗവൺമെൻറാണിത്. പെൻഷൻ അടക്കമുള്ള ക്ഷേമനിധി ഈ തൊഴിലാളികൾക്ക് നടപ്പാക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, തഴപ്പായ്, കൂട്ട ഇവയൊക്കെ നെയ്തു ജീവിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. കേരള ബാംബു വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബിൽ എന്നൊരു ബിൽ ഈറ, മുള, ചൂരൽ ഇവയൊക്കെകൊണ്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. പ്രത്യേകിച്ചും അസംഘടിതരായ തൊഴിലാളികളാണ് ഇവർ. ഇതിൽ വലിയൊരു ഭാഗം ഹരിജനങ്ങളും ആദിവാസികളുമാണ്. ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിലെ വ്യവസ്ഥകളിൽ 60 വയസ്സായ തൊഴിലാളികൾക്കു പെൻഷൻ നൽകുന്നതിന് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് തുടങ്ങിയ പല വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. ഈ കൂട്ടത്തിൽ തഴപ്പായ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് അതു പരിശോധിച്ചു. ഈ ബില്ലിന്റെ പരിധിയ്ക്കകത്ത് തഴപ്പായ നെയ്ത്തു തൊഴിലാളികളെ കൂടി ഉൾക്കൊള്ളിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ ബിൽ നിയമമാകുന്ന സന്ദർഭത്തിൽ ഔദ്യോഗിക ഭേദഗതിയിലൂടെ അതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) മലബാർ സിമൻറ്സ് ഫാക്ടറിയുടെ ദുരവസ്ഥ

ശ്രീ. പി. ബാലൻ: സർ, പാലക്കാട് ജില്ലയിലെ മലബാർ സിമൻറ്സ് ഫാക്ടറി ഇന്ന് അസംസ്കൃത വസ്തുക്കൾ കിട്ടാതെയും ഉദ്യോഗസ്ഥൻമാരുടെ കിടമൽസരവും അഴിമതിയും എല്ലാം

LIBRARY ARCHIVES Kerala Legislative Assembly